**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3312** **26-06-2024 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിലെ പണയിൽ എൽ.പി. സ്കൂളിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിലെ പണയിൽ എൽ.പി. സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിക്കുകയും ടെൻഡർ നടപടികൾ പൂർത്തിയാകുകയും ചെയ്തുവെങ്കിലും സ്കൂൾ പ്രവർത്തനത്തിന് മറ്റൊരു സ്ഥലം കണ്ടെത്തുവാൻ കഴിയാത്തതിനാൽ നിർമ്മാണം ആരംഭിക്കുന്നതിന് തടസ്സം നേരിട്ടിട്ടുളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **ഉണ്ട്. പണയിൽ എൽ.പി.സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നിലവിലുള്ള കെട്ടിടം പൊളിച്ചു മാറ്റുമ്പോൾ പകരം ക്ലാസ്സുകൾ നടത്തു ന്നതിന് മറ്റൊരു സ്ഥലം കണ്ടെത്തു വാൻ കാലതാമസം ഉണ്ടായതിനാൽ നിർമ്മാണം ആരംഭിക്കുന്നതിന് തടസ്സം നേരിട്ടിട്ടുണ്ട്.** |
| (ബി) | പ്രസ്തുത സ്കൂൾ പ്രവർത്തിപ്പിക്കുന്നതിന് മറ്റൊരു സ്ഥലം കണ്ടെത്തുന്നതിനായി വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുളള നടപടി വിശദമാക്കാമോ? | (ബി) | **പ്രസ്തുത സ്കൂൾ പ്രവർത്തിപ്പിക്കുന്നതിനായി സ്കൂളിന് സമീപത്തായി ഒരു വാടക കെട്ടിടം കണ്ടെത്തുകയും എഗ്രിമെന്റ് എഴുതുന്നതിനുള്ള നടപടി സ്വീകരിക്കുകയും നിർദ്ദിഷ്ട കെട്ടിടത്തിന് ഫിറ്റിനസ് സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ